## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 392** **04.06.2018 ൽ മറുപടിയ്ക്ക്**

### സാമൂഹ്യനീതി വകുപ്പിൽ വിശേഷാൽ ചട്ടം ഭേദഗതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ഡോ.എൻ.ജയരാജ്</td><td colspan="2">ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>30/09/2015 ലെ സ.ഉ (എം.എസ്) നമ്പർ 65/15 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2, സൂപ്രണ്ട് ഗ്രേഡ് 3, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ എന്നിവയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന്റെ ഫീഡർ കാറ്റഗറിയിൽ നിന്നും മിനിസ്റ്റീരിയൽ വിഭാഗത്തെ ഒഴിവാക്കി മാത്രമേ നിയമനം നടത്താവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി 73 ഐ.സി.ഡി.എസ്. പ്രോജക്ട് മാനേജർ തസ്തികകൾ പുനർനാമകരണം ചെയ്ത് ജൂനിയർ സൂപ്രണ്ട് ആക്കി മാറ്റിയ ഈ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് നമ്പരും തീയതിയും വിശദാംശങ്ങളും അറിയിക്കാമോ;</td><td>(എ)</td><td>ഉണ്ട്. വകുപ്പിൽ നിലവിലുണ്ടായിരുന്ന 22 തസ്തികകൾക്ക് പുറമേ വകുപ്പിൽ പുതുതായി 73 ജൂനിയർ സൂപ്രണ്ട് തസ്തികകൾ കൂടി അധികമായി അനുവദിച്ചിരുന്നു. ഈ അനുവദിയ്ക്കപ്പെട്ട 73 തസ്തികകളിൽ താൽക്കാലിക നിയമനം നൽകിവരുന്നു. വകുപ്പിൽ ആകെ 95 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ 73 എണ്ണം കെ.എസ്&എസ്.എസ്.ആർ ചട്ടം 31 എ(1) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം ലഭിച്ചവരും 22 പേർ കെ.എസ്& എസ്.എസ്.ആർ ചട്ടം 28 എ(1) പ്രകാരം സ്ഥിര നിയമനം ലഭിച്ചവരും ആണ്. താൽക്കാലിക നിയമനം അനുവദിച്ച ഉത്തരവ് നമ്പരും തീയതിയും ജീവനക്കാരുടെ എണ്ണവും ചേർക്കുന്നു.<br><table><tr><td>ഇ 7-11650/2016 തീയതി 11.03.2016</td><td>17</td></tr><tr><td>ഇ 7-11650/2016 തീയതി 08.08.2016</td><td>12</td></tr><tr><td>ഇ 7-11650/2016 തീയതി 08.12.2016</td><td>6</td></tr><tr><td>ഇ 7-11650/2016 തീയതി 22.02.2017</td><td>1</td></tr><tr><td>ഇ 7-11650/2016 തീയതി 04.05.2017</td><td>6</td></tr><tr><td>ഇ 7-36436/2017 തീയതി 07.11.2017</td><td>17</td></tr><tr><td>ഇ 7-36436/2017 തീയതി 25.04.2018</td><td>14</td></tr><tr><td></td><td>73</td></tr></table></td></tr>
<tr><td>(ബി)</td><td>മേൽ സൂചിപ്പിച്ച ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 73 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടെങ്കിൽ അത് പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തെ ഒഴിവാക്കിയ തസ്തികകളിൽ മറ്റ് അർഹതപ്പെട്ട വിഭാഗങ്ങളിൽ നിന്നും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ഇത്രയും കാലതാമസമുണ്ടാകാനുള്ള കാരണം എന്താണ്;</td><td>(ബി)</td><td>ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ല. വിശേഷാൽ ചട്ടം ഭേദഗതി ചെയ്ത് ഉത്തരവാകാത്തതിനാൽ ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടില്ല. വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | വിശേഷാൽ ചട്ടം ഭേദഗതി ചെയ്യാത്തതുമൂലം ഓരോ തസ്തികയിലും ഉദ്യോഗക്കയറ്റം നൽകാതെ ഉണ്ടായിരിക്കുന്ന ഒഴിവുകൾ എത്ര; | (സി) | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ - 14 ഒഴിവുകൾ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-2 - 4 ഒഴിവുകൾ. |
| (ഡി) | സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനായി 15/9/2017 ലെ 8694/A1/15/എസ്.ജെ.ഡി ഫയലിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) | വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സാമൂഹ്യ നീതി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിശോധനയ്ക്കായി അയയ്ക്കുകയും ടി വകുപ്പിന്റെ നിർദ്ദേശ പ്രകാരം തയ്യാറാക്കിയ കരട്, ഇതിനായി രൂപീകരിച്ച കമ്മിറ്റി മുമ്പാകെ സമർപ്പിയ്ക്കുകയുണ്ടായി. കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഭേദഗതി വരുത്തിയ കരട് വിശേഷാൽ ചട്ടം നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി അയയ്ക്കുകയും പ്രസ്തുത വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് PSC യുടെ ഉപദേശത്തിനായി അയയ്ക്കുകയും ആയത് ഭേദഗതികളോടെ കമ്മീഷൻ അംഗീകരിച്ച് തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. വിശേഷാൽ ചട്ടം ഭേദഗതിയുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങളുടെ ഭാഗമായി കരട് വിശേഷാൽ ചട്ടം സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | 20/07/2017 ലെ 244/A2/2017-എസ്.ജെ.ഡി ഫയലിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സാമൂഹ്യനീതി വകുപ്പ് ഐ.സി.പി.എസ്.ലെ 14/06/2016 ലെ ഐ.സി.പി.എസ്.2/15214/2016 അനൗദ്യോഗിക കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഇ) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.06.2017 ലെ OA (EKM) No.997/2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.സെയ്ദലവി തുടങ്ങിയവരെ 03.08.2017 ൽ നേരിൽ കേൾക്കുന്നതിനായി 20.07.2017 ലെ 244/എ 2/2017/സാ.നീ.വ. നമ്പർ കത്ത് പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. ടിയാളുകളെ നേരിൽ കേട്ടതിനു ശേഷം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് 23.09.2017 ലെ സ.ഉ (സാധാ) നം.618/2017/ സാ.നീ.വ. പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>സാമൂഹ്യ നീതി വകുപ്പ് ഐ.സി.പി.എസ്.ലെ 14/06/2016 ലെ ഐ.സി.പി.എസ്.2/15214/2016 അനൗദ്യോഗിക കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ വകുപ്പ് തലത്തിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.